# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 4087 — 16.03.2017-ൽ മറുപടിയ്ക്ക്

### ആലപ്പുഴയിലെ സാമൂഹ്യ വനവത്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ മന്ത്രി) |
| എ) ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവത്കരണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) ആലപ്പുഴ ജില്ലയിൽ സാമൂഹ്യ വനവത്കരണ പദ്ധതിയുടെ ഭാഗമായി എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികളിലൂടെ വൃക്ഷതൈകൾ ഉൽപ്പാദിപ്പിക്കുകയും, വിതരണം ചെയ്യുകയും, പാതയോരങ്ങളിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിച്ച് സംരക്ഷിച്ചു വരുകയും ചെയ്യുന്നു. സ്വകാര്യ വനവത്കരണ പദ്ധതി പ്രകാരം വച്ചു പിടിപ്പിക്കുന്ന വൃക്ഷതൈകൾക്ക് നിശ്ചിത കാലയളവു വരെ, അർഹരായവർക്ക് ധനസഹായവും നൽകി വരുന്നു. കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുകയും അർഹരായവർക്ക് ധനസഹായവും ചെയ്തുവരുന്നു. കടലാമ സംരക്ഷണവും കുരുവിക്കൊരു കൂട്, പെലാജിക് ബേർഡ് സർവ്വേ, വെറ്റ്ലാന്റ് ബേർഡ് സർവ്വേ, ഫോറസ്ട്രി ക്ളബ് മുതലായ പദ്ധതികൾ നടപ്പിലാക്കി വരുന്നു .ആലപ്പുഴ ജില്ലയിലെ മികച്ച പരിസ്ഥിതി പ്രവർത്തകന് എല്ലാ വർഷവും വനമിത്ര പുരസ്ക്കാരം നൽകി വരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന കാവുകളുടെ സംരക്ഷണത്തിനായി ധനസഹായം നൽകി വരുന്നു. |
| ബി) വഴിയോരങ്ങളിൽ വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്നതിന് കുട്ടനാടിന് പ്രത്യേക പദ്ധതി ലഭ്യമാക്കുമോ ? | (ബി) വഴിയോരത്തണൽ പദ്ധതിയുടെ ഭാഗമായി കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ വൃക്ഷതൈകൾ വച്ചു പിടിപ്പിച്ച് സംരക്ഷിച്ചു വരുന്നു. കുട്ടനാട്ടിനു മാത്രമായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. |

**സെക്ഷൻ ഓഫീസർ**